DESPATCHED On 31/3/22

23/3/22



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1907(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.16363/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 23**

ശ്രീ. മാത്യു പി.എ.,
പാറക്കാട്ട് വീട്,
കടവൂർ പി.ഒ.,
പിൻ – 686 671.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ, എച്ച് – സെക്ഷൻ, താലൂക്ക് ഓഫീസ് ഉടുമ്പൻചോല, ഇടുക്കി.
2. അപ്പീൽ അധികാരി & തഹസിൽദാർ (എൽ.ആർ), താലൂക്ക് ഓഫീസ് ഉടുമ്പൻചോല, ഇടുക്കി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.8.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.9.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.10.2020 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 14.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 8.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 10.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.1.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 22.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ<br>അപ്പീൽ അധികാരി | ഹർജിക്കാരന് വേണ്ടി പ്രതിനിധി ഹാജരായി<br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. മാത്യു പി.എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് അവ്യക്തമായ മറുപടി നൽകിയതിനെ തുടർന്ന് നൽകിയ അപ്പീൽ അപേക്ഷ ഹർജിക്കാരനെ കേൾക്കാതെ ഒന്നാം എതിർകക്ഷിയുടെ വാദമുഖങ്ങൾ മാത്രം

ശരിവച്ചുകൊണ്ട് 11 മാസംവരെ കാലതാമസം വരുത്തിയാണ് അപ്പീൽ തീർപ്പാക്കിയതെന്നും ആയതിനാൽ ടിയാനെ നേരിൽ കേട്ട് നടപടികൾ സ്വീകരിക്കണമെന്നും ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ അനാസ്ഥ കാണിച്ച എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമ പ്രകാരം നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.8.2020 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ ചതുരംഗപാറ വില്ലേജിലെ സർവ്വെ നമ്പർ 69/1 സർവ്വെ ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് വർഷം എന്നും

2) കൽപ്പന ഭാരതി പരത്യാഗി എസ്റ്റേറ്റ്, ഇടുക്കാർ, മെത്താപ്പ്, വട്ടപ്പാറ പി.ഒ. എന്നയാളുടെയും എസ്. നാഗരാജ്, 16എ, കാമരാജ് നഗർ, ശിരുമുഗൈ, കോയമ്പത്തൂർ ജില്ല എന്നയാളുടേയും അപേക്ഷ പ്രകാരം – മുരളി, ഇഞ്ചിയിൽ വീട്, മെത്താപ്പ്, വട്ടപ്പാറ പി.ഒ., ചതുരങ്കപ്പാറ എന്നയാളുടെ കൈവശത്തിലിരുന്ന വസ്തു ഫോറം–12 (സർവ്വെ മാനുവൽ അധ്യായം 16 ഖണ്ഡിക–17, എൽ.ആർ.എം.122/06, 121/06 പ്രകാരം ടി ഓഫീസിൽ നിന്നും സർവ്വെ ചെയ്ത് കൊടുത്തിട്ടുള്ളതാണെന്ന് അറിയാൻ സാധിച്ചു എന്നും നിയമവിധേയമായി നോട്ടീസ് നൽകി ആവശ്യമായ എല്ലാ രേഖകളുടെയും പിൻബലത്തിൽ അല്ലേ ടി സർവ്വെ ചെയ്തു കൊടുത്തിരിക്കുന്നത് എന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.9.2020–ന് ഒന്നാം എതിർകക്ഷി അവ്യക്തമായ മറുപടിയാണ് നൽകിയതെന്ന് കാണിച്ച് സമർപ്പിച്ച അപ്പീൽ തീർപ്പാക്കി രണ്ടാം എതിർകക്ഷി 14.9.2021–ന് പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, അപേക്ഷകൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നിയമ പ്രകാരം തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു എന്നും ആയതിനാൽ അപ്പീൽ വാദിയുടെ അപേക്ഷയിൽ പരാമർശിക്കുന്ന സർവ്വെ നടപടികളുടെ ഫയൽ നമ്പർ ലഭ്യമാക്കിയാൽ പ്രസ്തുത ഫയലിനായി അന്വേഷണം നടത്താവുന്നതും ലഭ്യമായ വിശദാംശങ്ങൾ അറിയിക്കാവുന്നതുമാണെന്നും അല്ലാത്തപക്ഷം ആവശ്യപ്പെട്ടിരിക്കുന്ന സർവ്വെ സംബന്ധമായി അപ്പീൽ വാദിക്ക് ടി കാര്യാലയത്തിലെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നും ആയതിനായി അപ്പീൽ ഉത്തരവ് ലഭിച്ച് 30 ദിവസങ്ങൾക്കുള്ളിൽ ഓഫീസിന്റെ പ്രവർത്തി സമയങ്ങളിൽ സർവ്വെ വിഭാഗത്തിലെ രേഖകളും ഫയലുകളും പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നും ആവശ്യമായവയുടെ പകർപ്പുകൾ നിയമാനുസൃതം ഫീസടച്ച് കൈപ്പറ്റാവുന്ന– താണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ചതുരംഗപ്പാറ വില്ലേജിൽ ഉൾപ്പെടുന്ന സർവ്വെ നമ്പർ 69/1 ആയി ബന്ധപ്പെട്ട സർവ്വെ നടപടികൾ സംബന്ധിച്ചും, ശ്രീ. മുരളി, ഇഞ്ചിയിൽ വീട്, മെത്താപ്പ്, വട്ടപ്പാറ പി.ഒ., എന്നയാൾക്ക് ഉടുമ്പൻചോല താലൂക്ക് സർവ്വെയർ അയച്ച നോട്ടീസിൽ പരാമർശിക്കുന്ന സർവ്വെ നമ്പരുകൾ സംബന്ധിച്ചും സർവ്വെ

സംബന്ധിച്ചുമുള്ള നിരവധി വിശദാംശങ്ങൾ 12 ചോദ്യങ്ങളിലായി ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നു എന്നും ഓഫീസിലെ എച്ച്-2 സെക്ഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കൂടിയായ ഡെപ്യൂട്ടി തഹസിൽദാർ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകികൊണ്ട് 18.9.2020 തീയതിയിലെ എച്ച്2-63/2020 നമ്പർ പ്രകാരം അപേക്ഷ തീർപ്പാക്കിയിട്ടുള്ളതാണെന്നും ടി മറുപടിയ്ക്കെതിരെ വിവരാവകാശ നിയമ പ്രകാരം ഒന്നാം അപ്പീൽ ഹർജിക്കാരൻ സമർപ്പിക്കുകയുണ്ടായി എന്നും ആയതിന് മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്കെല്ലാം കൃത്യമായി മറുപടി നൽകുന്നതിന് ടിയാന്റെ അപേക്ഷയിൽ പരാമർശിക്കുന്ന സർവ്വെ സംബന്ധമായ നടപടികൾ പൂർത്തിയാക്കിയ പ്രധാന ഫയൽ ലഭ്യമാകേണ്ടതുണ്ടായിരുന്നു എന്നും എന്നാൽ ടി പ്രധാന ഫയലിന്റെ നമ്പരോ ടി സർവ്വെ അപേക്ഷ സമർപ്പിച്ചത് ഏത് കാലഘട്ടത്തിലാണ് എന്നത് സംബന്ധിച്ച വിശദാംശങ്ങളോ കൃത്യമായി ലഭ്യമായിട്ടില്ലെന്നും ഏതാണ്ട് 15 വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സർവ്വെ നടപടികൾ സംബന്ധിച്ച് കൃത്യമായി മറുപടി നൽകണമെങ്കിൽ പ്രസ്തുത സർവ്വെ ഫയൽ ലഭ്യമാകുക എന്നത് അനിവാര്യമായിരുന്നു എന്നും ഫയൽ ലഭ്യമാകാത്ത സാഹചര്യങ്ങൾ വിശദമാക്കി ഒന്നാം അപ്പീൽ അധികാരി, അപേക്ഷകന് വ്യക്തമായ ഒരു മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, സർവ്വെ ജോലികളുമായി ബന്ധപ്പെട്ട പ്രധാന ഫയലിന്റെ നമ്പർ ലഭിച്ചെങ്കിൽ മാത്രമെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിശദാംശങ്ങൾ അടങ്ങിയ ഫയൽ കണ്ടെത്തുവാൻ കഴികയുള്ളൂ എന്ന് കാണുന്നു. ഇക്കാര്യം നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് രണ്ടാം എതിർകക്ഷി ഹർജിക്കാരന് അനുമതി നൽകിയിരുന്നെങ്കിലും ടി സൗകര്യം ഹർജിക്കാരൻ ഉപയോഗപ്പെടുത്തിയതായും കാണുന്നില്ല. ഹർജിക്കാരന് വിവരം ലഭ്യമാകേണ്ട ഫയലിന്റെ നമ്പരോ, ടി സർവ്വെയുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിച്ചത് ഏത് കാലഘട്ടത്തിലാണ് എന്നത് സംബന്ധിച്ച വിശദാംശങ്ങളോ ലഭ്യമായാൽ മാത്രമെ 15 വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സർവ്വെ നടപടി സംബന്ധിച്ച കൃത്യമായ മറുപടി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്ക് നൽകുവാൻ കഴിയുകയുള്ളൂ എന്ന എതിർകക്ഷിയുടെ വാദം വസ്തുതാപരമാണെന്ന് കാണുന്നു. എന്നിരുന്നാലും ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ ഹർജിക്കാരനെ നേരിൽ കേൾക്കാതെയും, കാലതാമസം വരുത്തിയുമാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയതെന്ന ആക്ഷേപം നിലനിൽക്കുന്നതിനാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ ഒരിക്കൽകൂടി വിശദമായി പരിശോധിച്ച്, ഹർജിക്കാരനെ നേരിൽ കേൾക്കാൻ അവസരം നൽകി 20.4.2022നകം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിലവിലെ രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമ പ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയായതിനാൽ അപ്പീൽ സമയബന്ധിതമായി തീർപ്പാക്കേണ്ടത് അപ്പീൽ അധികാരിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ഹർജിക്കാരൻ 14.10.2020ന് നൽകിയ അപ്പീൽ അപേക്ഷ 14.9.2021 വരെ കാലതാമസം വരുത്തിയും ഹർജിക്കാരനെ നേരിൽ കേൾക്കാൻ അവസരം നൽകാതെയുമാണ് പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളത്. ടി വീഴ്ചകൾ വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള പരാമർശിത കാലയളവിലെ രണ്ടാം

എതിർകക്ഷിയുടെ വിശദീകരണം 10.4.2022നകം കമ്മീഷനിൽ ഹാജരാക്കേണ്ട‌താണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk